*⇨ നടപടിക്രമങ്ങളിലെ വീഴ്ച എന്നതാണ് വാദത്തിന് ഉന്നയിക്കാവുന്ന പ്രധാന വസ്തുത ⇨*

# സാധ്യതകൾ തുറന്നിട്ട് ദേശീയ ഹരിത ട്രിബ്യൂണൽ

പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ നമ്മുടെ ഭരണസംവിധാനങ്ങളെല്ലാം പരാജയമാണ്. ജുഡീഷ്യറി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് തീർത്തും അജ്ഞരായി തുടരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ വന്നതോടെ ആ സ്ഥിതിക്ക് മാറ്റമുണ്ടാകുന്നതായി പ്രമുഖ പരിസ്ഥിതി അഭിഭാഷകനായ

**അഡ്വ. ഋത്വിക് ദത്ത**

തയ്യാറാക്കിയത്:

**അഡ്വ. ഹരീഷ് വാസുദേവൻ**

**പരിസ്ഥിതി വിഷയങ്ങൾ പരിഗണിക്കുന്നതിനായി ദേശീയ ഹരിത ട്രിബ്യൂണൽ എന്ന സംവിധാനം നിലവിൽ വന്നതിന്റെ പ്രധാന നേട്ടമെന്താണ്? എന്തെല്ലാം സാധ്യതകളാണ് ഹരിത ട്രിബ്യൂണലിലുള്ളത്?**

ദേശീയ ഹരിത ട്രിബ്യൂണലിനെക്കുറിച്ചുള്ള ഒരു പഠനപരിപാടിയിൽ പങ്കെടുക്കുന്നതിനായി ഇത് രണ്ടാം തവണയാണ് ഞാൻ കേരളത്തിലെത്തുന്നത്. ഹരിത ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നതിന് മുമ്പാണ് ആദ്യവരവ്. നിരവധി പരിസ്ഥതി സംഘടനകളുടെ സമ്മർദ്ദഫലമായി ഹരിതട്രിബ്യൂണൽ ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. ഒന്നരവർഷത്തെ പ്രവർത്തനവും ഹരിത ട്രിബ്യൂണൽ പൂർത്തിയാക്കിയിരിക്കുന്നു. ആ അനുഭവങ്ങളിൽ നിന്നുകൊണ്ട് എന്തെല്ലാം സാധ്യകളാണ് ഹരിത ട്രിബ്യൂണലിൽ നിന്നും തിരയാവുന്നത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു ഇത്തവണത്തെ സെമിനാറിന്റെ ഉദ്ദേശം. മറ്റ് കോടതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ധർമ്മം നിർവഹിക്കുന്ന കോടതിയാണ് ഹരിത ട്രിബ്യൂണൽ. ഒരു പരിസ്ഥിതി പ്രശ്നം ഉടലെടുത്താൽ നിങ്ങൾക്ക് അതിന്റെ യഥാർത്ഥ യോഗ്യതയുടെ (മെറിറ്റ്) ഉള്ളിൽ നിന്നുകൊണ്ടുതന്നെ ഹരിത ട്രിബ്യൂണലിൽ ചോദ്യം ചെയ്യാൻ കഴിയും എന്നതാണ് അതിന്റെ ഗുണം. ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നതിന് മുമ്പ്, പരിസ്ഥിതി പ്രശ്നങ്ങൾ ഹൈക്കോടതിൽ ഒരു റിട്ട് പെറ്റീഷൻ നൽകിയാണ് ചോദ്യം ചെയ്തിരുന്നത്. പരിസ്ഥിതി പ്രശ്നത്തെ അതിന്റെ യഥാർത്ഥ മെറിറ്റിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യാൻ ഹൈക്കോടതിയിലെ റിട്ട് പെറ്റീഷൻ വഴി കഴിയില്ല.

**എന്തുകൊണ്ടാണ് അങ്ങനെ കഴിയില്ലെന്ന് പറയുന്നത്?**

ഒരു പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട് നിങ്ങൾ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുമ്പോൾ ചില പ്രത്യേക കാരണങ്ങൾ നിരത്തി മാത്രമെ നിങ്ങൾക്ക് വാദിക്കാൻ കഴിയൂ. Procedural impropriety, അഥവാ നടപടിക്രമങ്ങളിലെ വീഴ്ച എന്നതാണ് വാദത്തിന് ഉന്നയിക്കാവുന്ന പ്രധാന വസ്തുത. ഉദാഹരണത്തിന് ഒരു പദ്ധതിക്ക് അനുമതി കൊടുക്കുമ്പോൾ പാലിക്കപ്പെടേണ്ട നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് ഈ വകുപ്പ് പ്രകാരം വാദിക്കാം. നിലനിൽക്കുന്ന നിയമങ്ങൾ ലംഘിക്ക

*➪ ജഡ്ജിമാർ പലരും പരിസ്ഥതി വിഷയത്തിൽ വിദഗ്ധരല്ല എന്നതാണ് അതിന് പ്രധാനകാരണം ➪*

പ്പെടുന്നതായി തെളിയിക്കേണ്ടിവരും. മറ്റൊന്ന്, കേസിന് ആസ്പദമായ സംഭവം ഭരണഘടനാ വിരുദ്ധമാണ് എന്ന് പറയാം. പഞ്ചായത്തുകൾക്ക് ഭരണഘടനാപരമായി ലഭിച്ചരിക്കുന്ന അധികാരത്തിൽ സർക്കാറുകൾ കൈകടുത്തുകയാണെങ്കിൽ അതിനെ എതിർക്കാം. പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പല പദ്ധതികൾക്കും പഞ്ചായത്തുകൾ ലൈസൻസ് നിഷേധിക്കുന്ന നടപടിയെ സംസ്ഥാന സർക്കാറുകൾ ചോദ്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകൾ ഈ ഗണത്തിൽ വരുന്നതാണ്. ഈ വഴികളിലൂടെയല്ലാതെ, പരിസ്ഥിതി നാശത്തിന്റെ തോതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഹൈക്കോടതിയെ സമീപിക്കാൻ കഴിയില്ല. മൗലീകാവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ആർട്ടിക്കിൾ 226 നൽകുന്ന പ്രത്യേക അധികാര പ്രകാരം പൗരന് നേരിട്ട് ഹൈക്കോടതിയെ സമീപിക്കാം. ആർട്ടിക്കിൾ 32 പ്രകാരം സുപ്രീംകോടതിയേയും സമീപിക്കാം. ഈ രണ്ട് ആർട്ടിക്കിളുകളും കോടതിക്ക് പ്രത്യേക അധികാരം നൽകുന്നുണ്ട്. ആ അധികാരം ഉപയോഗിച്ച് കോടതിക്ക് പരിസ്ഥിതി നാശത്തിനെതിരെ വേണമെങ്കിൽ നിലപാടെടുക്കാം. കേസ് വാദം കേൾക്കാതെ തള്ളുകയുമാകാം. ഇത് കോടതിയുടെ വിവേചനാധികാരമാണ്. പൊതുവെ നമ്മുടെ കോടതികൾ പരിസ്ഥിതി നാശത്തിനെതിരെ നിലപാടെടുക്കാറില്ല. ജഡ്ജിമാർ പലരും പരിസ്ഥതി വിഷയത്തിൽ വിദഗ്ധരല്ല എന്നതാണ് അതിന് പ്രധാനകാരണം. ഇത് വക്കീലന്മാക്ക് പ്രയാസമുണ്ടാക്കാറുണ്ട്.


അഡ്വ. ഋത്വിക് ദത്ത

മഹാരാഷ്ട്രയിലെ നദിമലിനീകരണവുമായി ബന്ധപ്പെട്ട ഒരു കേസിന്റെ ഉദാഹരണമെടുക്കാം. മലിനീകരണ നിയന്ത്രണ ബോർഡ് കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽ വെള്ളത്തിന്റെ പി.എച്ച് വാല്യു മൂന്ന് എന്നാണ് രേഖപ്പെടുത്തിയിരുന്നത്. സാധാരണ ഗതിയിൽ പി.എച്ച് വാല്യു ഏഴ് വേണമെന്നും പറയുന്നു. അത് വായിച്ച ശേഷം ജഡ്ജി ചോദിച്ചത്, ഏഴിൽ കുറവല്ലേ കുഴപ്പമില്ലല്ലോ എന്നാണ്. പി.എച്ച് വാല്യു കുറവായാൽ എന്താണ് പ്രശ്നമെന്ന് ജഡ്ജിന് അറിയില്ല. വാല്യു സാധാരണ അളവിൽ കൂടുന്നതാണ് പ്രശ്നമെന്ന് സാമാന്യ ധാരണ മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ആ വെള്ളം എത്രമാത്രം അസിഡിക് ആണെന്ന് അറിയാതെയാണ് ജഡ്ജ് വിധി പറയുന്നത്. പരിസ്ഥിതി പ്രശ്നത്തിന്റെ മെറിറ്റിൽ നിന്നുകൊണ്ട് തീരുമാനമെടുക്കുന്നതിന് ജഡ്ജിമാരുടെ ഇത്തരം അറിവില്ലായ്മ തടസ്സമായി നിൽക്കുന്നു. ഗ്രീൻ ട്രിബ്യൂണൽ വന്നതോടെ അത്തരം സാങ്കേതികമായ അറിവുകളുടെ ഉത്തരവാദിത്തം കോടതി ഏറ്റെടുത്തു. ഹൈക്കോടതികളിലും സുപ്രീംകോടതിയിലും കേസുകൊടുത്താൽ, കുറ്റം തെളിയിക്കാനുള്ള ബാധ്യത (burden of proof) പരാതിക്കാരന് മാത്രമാണ്. കോടതിക്ക് യാതൊരു ഉത്തരവാദിത്തവും അക്കാര്യത്തിലില്ല. ട്രിബ്യൂണൽ യാഥാർത്ഥ്യമായതോടെ ആ ഉത്തരവാദിത്തം കോടതി ഏറ്റെടുത്തു.

**ഗ്രീൻ ട്രിബ്യൂണലിന് ഈ വൈദഗ്ധ്യം എങ്ങനെയാണ് സാധ്യമാകുന്നത്?**

ഗ്രീൻ ട്രിബ്യൂണലിന്റെ ഉദ്ദേശം തന്നെ അതായിരുന്നു. 1972ലെ സ്റ്റോക്ഹോം പ്രഖ്യാപനം മുതൽ ഇന്ത്യയെടുത്ത നിലപാടിന്റെ തുടർച്ചയായാണ് ഗ്രീൻ ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നത്. പരിസ്ഥിതി പ്രശ്നം കാരണം ദുരിതമനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അവരുടെ ക്ലേശങ്ങൾ പരിഹരിക്കുന്നതിനുമായി പ്രത്യേകം കോടതി രൂപീകരിക്കണമെന്നത് ഇന്ത്യ അന്നുമുതൽ എടുക്കുന്ന നിലപാടാണ്. ഗ്രീൻ ട്രിബ്യൂണൽ വന്നതോടെ അതാണ് യാഥാർത്ഥ്യമായത്. പരിസ്ഥിതി പ്രശ്നങ്ങളുടെ മേൽ ബന്ധപ്പെട്ട കക്ഷിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് അധികാരമുള്ള കോടതിയാണ് ഗ്രീൻ ട്രിബ്യൂണൽ. വിഷയത്തിന്റെ മെറിറ്റിൽ നിന്നുകൊണ്ടുതന്നെ തീരുമാനമെടുക്കുന്നതിനായി വിഷയ വിദഗ്ധർ ഉൾപ്പെട്ട ജഡ്ജിമാരുടെ പാനൽ ട്രിബ്യൂണലിനുണ്ട്. മെറിറ്റിലെ നിയമപരമായ ശരിതെറ്റുകളെപ്പറ്റി അവരാണ് തീരുമാനിക്കുന്നത്.

ഹൈക്കോടതിയിൽ കേസിന് പോവുകയാണെങ്കിൽ സർക്കാറിന്റെ നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമെ കോടതിക്ക് ഉത്തരവുകളിറക്കാൻ കഴിയൂ. മലിനീകരണ നിയന്ത്രണ ബോർഡ് പോലെയുള്ള ഏജൻസികളുടെ അതോറിറ്റിയെ ചോദ്യം ചെയ്യാൻ കഴിയില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ തീരുമാനം, ശരിയായാലും തെറ്റായാലും അതുപോലെ തന്നെ പരിഗണിക്കണം എന്നത് കോടതികളുടെ ബാധ്യതയാണ്. ഗ്രീൻ ട്രിബ്യൂണലിൽ വിദഗ്ധ അംഗങ്ങളുള്ളതിനാൽ ട്രിബ്യൂണലിന് സർക്കാർ അതോറിറ്റിയുടെ തെറ്റായ തീ

⇨ ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയിൽ മാത്രമാണ് ഇത്തരത്തിലുള്ള ഒരു സംവിധാനമുള്ളത് ⇨

രുമാനത്തെ തിരുത്താനുള്ള അധികാരവും കിട്ടിയിട്ടുണ്ട്. Tribunal can step in to the shoes of the authority. മലിനീകരണ നിയന്ത്രണ ബോർഡ് പോലെയുള്ള ഏജൻസികൾ എടുത്ത തീരുമാനം റദ്ദാക്കാനുള്ള അധികാരമുണ്ട്. കുറ്റം തെളിയിക്കാനുള്ള ബാധ്യത (burden of proof) കോടതിയിൽ വന്നുചേരുന്നതും പൊല്യൂട്ടർ പേ (മലിനീകരിക്കുന്നവർ അതിന്റെ നഷ്ടപരിഹാര ചിലവും വഹിക്കണം) സംവിധാനമുണ്ടാകുന്നതും പാരിസ്ഥിക പ്രശ്നങ്ങളുടെ ഇരകളാകുന്നവരെ സംബന്ധിച്ച് വളരെ ഗുണകരമായ കാര്യങ്ങളാണ്. ജലം/വായു സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം, വനസംരക്ഷണ നിയമം, വന്യജീവി സംരക്ഷണ നിയമം, ജൈവവൈവിധ്യ സംരക്ഷണ നിയമം എന്നീ നിയമങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിലെല്ലാം പൗരന്മാർക്ക് ഗ്രീൻ ട്രിബ്യൂണലിനെ സമീപിക്കാം. ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയിൽ മാത്രമാണ് ഇത്തരത്തിലുള്ള ഒരു സംവിധാനമുള്ളത്.

സർക്കാർ അനുമതികളെ പോലും പരിസ്ഥിതി സംരക്ഷണത്തിന്റെ മാനദണ്ഡത്തിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യാനുള്ള നിയമപരമായ അനുമതിയാണ് പൗരന്മാർക്ക് ലഭിച്ചിരിക്കുന്നത്. ഭരണഘടനാപരമായ അനുമതി നമുക്കുണ്ടായിരുന്നു. പക്ഷെ, അത് തള്ളിക്കളയാനുള്ള അധികാരം കോടതികൾക്കുണ്ട്

സർക്കാർ അനുമതികളെ പോലും പരിസ്ഥിതി സംരക്ഷണത്തിന്റെ മാനദണ്ഡത്തിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യാനുള്ള നിയമപരമായ അനുമതിയാണ് പൗരന്മാർക്ക് ലഭിച്ചിരിക്കുന്നത്. ഭരണഘടനാപരമായ അനുമതി നമുക്കുണ്ടായിരുന്നു. പക്ഷെ, അത് തള്ളിക്കളയാനുള്ള അധികാരം കോടതികൾക്കുണ്ട്. അങ്ങനെ പരിഗണിക്കുമ്പോൾ ജനാധിപത്യത്തിലെ വലിയൊരു വിജയമാണ് ഹരിത ട്രിബ്യൂണൽ.

**ഇനിമുതൽ പാരിസ്ഥിതി അനുമതികളെയെല്ലാം ഹരിത ട്രിബ്യൂണലാണോ പരിഗണിക്കുന്നത്?**

ഏത് അനുമതിയേയും ഹരിത ട്രിബ്യൂണലിന്റെ വാതിലൂടെ കൊണ്ടുപോകാൻ കഴിയും. നിലവിൽ, ബന്ധപ്പെട്ട വകുപ്പുകൾ പാരിസ്ഥിതിക അനുമതി നൽകിയാലും അന്തിമ അനുമതി നൽകുന്നത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഏത് വിഷയത്തിനും അനുമതി നൽകാനുള്ള ഏജൻസിയായി മാറിയിരിക്കുന്നു. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി എത്തിയ 90 ശതമാനം പദ്ധതികൾക്കും അവർ കണ്ണടച്ച് അംഗീകാരം നൽകുകയാണ് ചെയ്തത്. അത്തരം സാഹചര്യങ്ങളിൽ പൗരന്മാർക്ക് മുന്നിലുള്ള ഏക മാർഗ്ഗമായി ഇപ്പോൾ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മാറിയിരിക്കുന്നു.

**പാരിസ്ഥിതിക ആഘാത പഠനം നടത്തി, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അന്തിമ അനുമതി നൽകിയ പദ്ധതികളെയും ചോദ്യം ചെയ്യാൻ കഴിയുമോ?**

കഴിയും. പല പദ്ധതികൾക്കും അനുമതി നൽകുന്നതിനായി നടത്തിയ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടുകൾ (EIA) ഹരിത ട്രിബ്യൂണൽ പുനഃപരിശോധിച്ചിട്ടുണ്ട്. ഹരിത ട്രിബ്യൂണലിന് ഇ.ഐ.എകൾ ശരിയാണോ എന്ന് വിശദമായി പഠിക്കാനുള്ള വൈദഗ്ധ്യമുണ്ട്. പോസ്കോയുടെ പാരിസ്ഥിതിക അനുമതി ഹരിത ട്രിബ്യൂണൽ റദ്ദാക്കിയത് ഇത്തരത്തിലാണ്. 1800 കോടി രൂപയുടെ പദ്ധതിക്കാണ് പരിസ്ഥിതി മന്ത്രാലയം പോസ്കോയ്ക്ക് അനുമതി നൽകിയത്. എന്നാൽ പോസ്കോ പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിലെ പല കാര്യങ്ങളും കള്ളമായിരുന്നു. പോസ്കോയോട് അവരുടെ ഇ.ഐ.എയെക്കുറിച്ച് ഹരിത ട്രിബ്യൂണൽ ചോദിച്ച പല ചോദ്യങ്ങൾക്കും കൃത്യമായ മറുപടി നൽകാൻ അവർക്ക് കഴിഞ്ഞില്ല. ഇ.ഐ.എ നോട്ടിഫിക്കേഷനുള്ള അപേക്ഷാ ഫോറത്തിലെ പല കോളങ്ങളും പോസ്കോ വെറുതേ പൂരിപ്പിക്കുകയായിരുന്നു. നാട്ടുകാരുടെ പ്രതിഷേധം കാരണം ഫീൽഡ് സന്ദർശനം ഒഴിവാക്കി, മുറിക്കുള്ളിലിരുന്ന് തയ്യാറാക്കിയ ഒരു തട്ടിപ്പ് ഇ.ഐ.എ ആണ് അതെന്ന് വ്യക്തമായി. അനുമതിയുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ വലിയ ക്രമക്കേട് നടന്നതായും ട്രിബ്യൂണൽ കണ്ടെത്തി. അതിന്റെ അടിസ്ഥാനത്തിലാണ് ട്രിബ്യൂണൽ പോസ്കോയുടെ അനുമതി റദ്ദാക്കിയത്. പദ്ധതിക്ക് നൽകിയ പാരിസ്ഥിതിക അനുമതി വീണ്ടും പുനഃപരിശോധിക്കാൻ ട്രിബ്യൂണൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. നടപടിക്രമങ്ങൾ പുതുതായി ആരംഭിക്കണമെന്നും നിർദ്ദേശിച്ചു. അതോടെ അനുമതിക്കായി പോസ്കോയ്ക്ക് വീണ്ടും പരിസ്ഥിതി മന്ത്രാ

➩ *രാജ്യത്തെ ഏറ്റവും വലിയ വിദേശ നിക്ഷേപത്തിനാണ് ഈ സ്ഥിതി വന്നിരിക്കുന്നത്* ➩




ലയത്തെ സമീപിക്കേണ്ടിവരും.

രാജ്യത്തെ ഏറ്റവും വലിയ വിദേശ നിക്ഷേപത്തിനാണ് ഈ സ്ഥിതി വന്നിരിക്കുന്നത്. പരിസ്ഥിതിയെ മുടിക്കുന്ന ഉദാരവത്കരണ തട്ടിപ്പുകൾ ഇനി അത്രയെളുപ്പത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്നാണ് ഈ ചരിത്ര വിധിയിൽ നിന്നും വ്യക്തമാകുന്നത്. നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്ന കാരണത്താൽ സുപ്രീംകോടതി നൽകിയ ഒരു അനുമതിയെപ്പോലും പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ചോദ്യം ചെയ്യാനുള്ള അധികാരം ഹരിത ട്രിബ്യൂണലിനുണ്ട്. ആ സാധ്യതയെ ഉപയോഗപ്പെടുത്തുന്നത് എങ്ങനെയെന്ന് ജനങ്ങൾ പഠിക്കേണ്ടതുണ്ട്.

**ജനങ്ങൾക്ക് എന്തെല്ലാമാണ് ചെയ്യാൻ കഴിയുന്നത്?**

പാരിസ്ഥിതികാഘാതമുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. അതിനായി പാരിസ്ഥിതിക അനുമതിയുടെ ചട്ടങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കേണ്ടിവരും. പാരിസ്ഥിതികാഘാത പഠനങ്ങളെ വിലയിരുത്താനും പഠിക്കണം. പാരിസ്ഥിതികാഘാത പഠനങ്ങൾക്കായി ഒരു പൊതുമാനദണ്ഡം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പൊതു മാനദണ്ഡത്തിന് അനുസരിച്ച് തയ്യാറാക്കിയ പാരിസ്ഥിതികാഘാത പഠനങ്ങൾ ഇപ്പോൾ മാർക്കറ്റിൽ വാങ്ങാൻ കിട്ടും. ഒരുപാട് ഏജൻസികൾ ഇത്തരം തട്ടിപ്പ് ഇ.ഐ.എകൾ തയ്യാറാക്കി നൽകുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. നിങ്ങൾക്ക് ഒരു താപനിലയം തുടങ്ങണമെങ്കിൽ അതിന് അനുമതി കിട്ടുന്ന തരത്തിലുള്ള പാരിസ്ഥിതിക പഠന റിപ്പോർട്ട് പണം കൊടുത്ത് വാങ്ങി അനുമതി നേടിയെടുക്കാം.

കൂടാതെ ഓരോ ഇ.ഐ.എകൾക്കും അധിക മാനദണ്ഡങ്ങളും മന്ത്രാലയം നൽകാറുണ്ട്. ഈ അധിക മാനദണ്ഡങ്ങൾ മിക്കപ്പോഴും പാലിക്കപ്പെടാറില്ല. പരിസ്ഥിതി മന്ത്രാലയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എൻവിയോൺമെന്റ് അപ്രൈസൽ കമ്മിറ്റിയാണ് ഇ.ഐ.എകൾ പരിശോധിച്ച്, വിവിധ പദ്ധതികൾക്ക് അനുമതി നൽകുന്നത്. എൻവിയോൺമെന്റ് അപ്രൈസൽ കമ്മിറ്റി വിശ്വാസ്യതയില്ലാത്ത സംവിധാനമാണ്. രാഷ്ട്രീയ നിയമനങ്ങൾ വഴി രൂപീകരിക്കുന്ന കമ്മിറ്റിയാണ് അത്. രാഷ്ട്രീയ താത്പര്യങ്ങൾക്കനുസരിച്ച് പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി നൽകുക എന്നത് മാത്രമാണ് അവരുടെ ജോലി. പാരിസ്ഥിതിക ആഘാത പഠനങ്ങളുമായി ബന്ധപ്പെട്ട സംവിധാനങ്ങളെയെല്ലാം അഴിമതി വിമുക്തമാക്കാനും ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനും ഹരിത ട്രിബ്യൂണൽ വഴി സാധിക്കും.

**പരിസ്ഥിതി നാശത്തിന് കുറ്റക്കാരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഹരിത ട്രിബ്യൂണലിന്റെ അധികാരത്തെക്കുറിച്ച് വിശദീകരിക്കാമോ?**

പാരിസ്ഥിതിക പ്രശ്നത്തിന്റെ പരിഹാരം എന്നത് പലപ്പോഴും ഇരകളായവർക്ക് നഷ്ടപരിഹാരം നൽകുക മാത്രമല്ലെന്ന് ഹരിത ട്രിബ്യൂണൽ തിരിച്ചറിയുന്നുണ്ട്. ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനൊപ്പം പരിസ്ഥിതിക്ക് സംഭവിച്ച നഷ്ടങ്ങൾ നികത്തുന്നതിനും പഴയ അവസ്ഥയിലേക്ക് സ്ഥിതിഗതികളെ എത്തിക്കുന്നതിനും ട്രിബ്യൂണലിന് അധികാരമുണ്ട്. പരിസ്ഥിതി നാശത്തിന് കാരണക്കാരായ കക്ഷികളിൽ നിന്നുതന്നെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ പണം ഈടാക്കുന്നതിന് ഹരിത ട്രിബ്യൂണലിന് കഴിയും.

**ആർക്കെല്ലാം ഹരിത ട്രിബ്യൂണലിനെ സമീപിക്കാം?**

പാരിസ്ഥിതിക ദുരന്തത്തിന്റെ ഇരകളായവർക്ക് മാത്രമല്ല, പൊതു താത്പര്യ പ്രകാരം ആർക്കും ഹരിത ട്രിബ്യൂണലിനെ സമീപിക്കാം. എന്നാൽ സുപ്രീംകോടതിയിലും ഹൈക്കോടതികളിൽ പൊതുതാത്പര്യ ഹർജി കൊടുക്കുന്നതിൽ നിന്നും വ്യത്യമാണ് ഇവിടെ സ്ഥിതി. പൊതുതാത്പര്യ ഹർജി നൽകിയത് ആരാണ് എന്നത് അവിടെ പ്രധാനമായി വരും. കേസ് പരിഗണിക്കുമ്പോൾ, പൊതുതാത്പര്യ ഹർജി നൽകുന്ന ആളിന്റെ കൈകൾ ശുദ്ധമാണോ എന്ന് വിലയിരുത്തേണ്ടതുണ്ടെന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. കൈകൾ ശുദ്ധമാണെന്ന് തെളിയിക്കാനുള്ള ബാധ്യത ഹർജി നൽകുന്നയാൾക്കുണ്ട്. പ്രതിഭാഗം അഭിഭാഷകർ പലപ്പോഴും ഹർജിക്കാരനെക്കുറിച്ച് തെറ്റായ വാദങ്ങൾ നിരത്തിയും വ്യക്തിഹത്യ നടത്തിയും കോടതി വിധി തങ്ങൾക്ക് അനുകൂലമാക്കി മാറ്റാറുണ്ട്. ഹരിത ട്രിബ്യൂണൽ ഈ സാധ്യതയെ തള്ളിക്കളയുന്നു. ഇരകൾക്ക് മാത്രമല്ല, ആർക്കും അവിടെ അപ്പീൽ നൽകാം. പാരിസ്ഥിതിക വിഷയത്തിൽ അപ്പീൽ നൽകുക എന്നത് പൗരന്മാരുടെ നിയമപരമായ അവകാശമാണെന്നാണ് ഹരിത ട്രിബ്യൂണൽ വിലയിരുത്തിയിട്ടുള്ളത്.


ഉദാഹരണത്തിന്, തെർമൽ പവർ പ്ലാന്റുമായി ബന്ധപ്പെട്ട ഒരു കേസിൽ ഒരു പ്രമുഖ അഭിഭാഷകൻ, പണം തട്ടിയെടുക്കുന്നതിന് വേണ്ടിയാണ് ഹർജിക്കാരൻ കേസുനടത്തുന്നത് എന്ന് വാദിച്ചു. എന്നാൽ, കേസ് നൽകിയ ആളിന്റെ താത്പര്യം എന്താണ് എന്നത് പരിഗണിക്കാം, പക്ഷെ കേസിന്റെ വാദം കേൾക്കാതിരിക്കുന്നതിന് അത് തടസ്സമായി ഉന്നയിക്കാൻ കഴിയില്ല എന്നാണ് കേസുകേട്ട ജഡ്ജി മറുപടിയായി പറഞ്ഞത്. പറയുന്നത് ആരാണെന്നല്ല, പറയുന്ന കാര്യത്തിൽ വസ്തുതയുണ്ടോ എന്നതാണ് ഹരിത ട്രിബ്യൂണൽ പ്രധാനമായും പരിഗണിക്കുന്നത്. പ്രശ്നം ബാധിക്കുന്ന ആളല്ല കേസുനടത്തുന്നത് എന്ന വാദവും പലപ്പോഴും എതിർകക്ഷികൾ നിരത്താറുണ്ട്.

ജസ്റ്റിസ് സി.വി. രാമലു ഒരു വിധിന്യായത്തിൽ എഴുതി, പാരിസ്ഥിതിക ദുരന്തത്തിന് ഇരകളായവർ എന്ന ഗണത്തിൽ നേരിട്ടുള്ള ദുരിതബാധിതർ മാത്രമല്ല, എല്ലാ പൗരന്മാരും ഉൾപ്പെടും. കാരണം ഭരണഘടനയിലെ ആർട്ടിക്കിൾ 56-1ൽ പറയുന്ന മൗലിക കർത്തവ്യങ്ങളിൽ പരിസ്ഥിതി സംരക്ഷിക്കുക എന്നത് എല്ലാ ഇന്ത്യാക്കാരുടെയും കർത്തവ്യമാണെന്ന് പറയുന്നുണ്ട്. അതുപ്രകാരം ഏത് ഇന്ത്യാക്കാരനും, നേരിട്ട് ബാധിക്കുന്നതല്ലെങ്കിൽപോലും ഒരു പരിസ്ഥിതി പ്രശ്നം പരിഹരിക്കുന്നതിനായി കോടതിയെ സമീപിക്കാൻ അവകാശമുണ്ട്. സുപ്രീംകോടതിയും ഈ നിർവ്വചനം ശരിവച്ചതോടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട കേസുകളുടെ കാര്യത്തിൽ വളരെ നിർണ്ണായകമായ വഴിത്തിരിവാണുണ്ടായിരിക്കുന്നത്. പോസ്കോ പോലെയുള്ള കേസുകളിലെല്ലാം ഈ നിർവ്വചനം വളരെ നിർണ്ണായകമായി വരുന്നുണ്ട്. പോസ്കോ കേസിലെ ദുരിതബാധിതർ അവിടുത്തെ ആദിവാസികളാണ്. ആദിവാസികൾക്ക് പോസ്കോയുടെ ഭാഗത്ത് നിന്നും ഭീഷണിയുള്ളതിനാൽ ഹർജിക്കാരായി വരാൻ പ്രയാസമാണ്. എന്നാൽ, ഹരിത ട്രിബ്യൂണലിന്റെ ഈ നിർവ്വചന പ്രകാരം ആർക്കും പോസ്കോ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നമുന്നയിച്ച് കേസ് നടത്താം.

**ഗ്രീൻ ട്രിബ്യൂണലിനെ സമീപിക്കാനുള്ള കാലപരിധി എങ്ങനെയാണ്?**

പൊതുജനാരോഗ്യം നശിപ്പിക്കുന്ന ഏത് പാരിസ്ഥിതിക വിഷയത്തിലും പരിഹാരം തേടണമെങ്കിൽ, പ്രശ്നമുണ്ടാകുന്നതിന് കാരണമായ സംഭവം (cause of action) ഉടലെടുത്ത് ആറ് മാസത്തിനുള്ള കേസിന് പോകാം. രണ്ട് മാസത്തെ ഇളവ് ലഭിക്കും. നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള കേസാണെങ്കിൽ, cause of action സംഭവിച്ച് അഞ്ച് വർഷത്തിനുള്ളിൽ ഹരിത ട്രിബ്യൂണലിനെ സമീപിക്കാം. രണ്ട് മാസത്തെ ഇളവ് അതിലും ലഭിക്കും. ഇത് രണ്ട് സാധ്യതകൾ ജനങ്ങൾക്ക്

**വരയും വരിയും** **റഫീക്ക് അഹമ്മദ്**




തുറന്നുതരുന്നുണ്ട്. ഉദാഹരണമായി ഒരു ക്വാറിയുടെ പ്രവർത്തനം കാരണം പരിസര വാസികൾക്ക് പ്രശ്നമുണ്ടാകുന്നെങ്കിൽ ക്വാറിയുടെ പ്രവർത്തനം നിർത്തുന്നതിനായി ആറ് മാസത്തിനുള്ളിൽ നിങ്ങൾക്ക് ഹരിത ട്രിബ്യൂണലിനെ സമീപിക്കാം. എന്തെങ്കിലും കാരണത്താൽ ആ ഹർജി ട്രിബ്യൂണൽ തള്ളിയാൽ, ക്വാറി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ ജനങ്ങൾക്ക് ട്രിബ്യൂണലിനെ വീണ്ടും സമീപിക്കാം.

**നിലവിൽ എങ്ങനെയാണ് ഗ്രീൻ ട്രിബ്യൂണൽ പ്രവർത്തിക്കുന്നത്? താങ്കൾ എങ്ങനെയാണ് ട്രിബ്യൂണൽ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത്?**

ഹരിത ട്രിബ്യൂണലിന്റെ ദേശീയ പ്രിൻസിപ്പൽ ബഞ്ച് ഡൽഹിയിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി മറ്റ് നാല് ബഞ്ചുകൾ പ്രവർത്തിക്കുന്നു. ഭോപ്പാൽ, പൂനെ, കൊൽക്കത്ത, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിലാണ് ആ ബഞ്ചുകളുള്ളത്. കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ബഞ്ചാണ് ചെന്നൈയിലുള്ളത്. കേരളത്തിന്റെ കേസുകൾ നിലവിൽ അവിടെയാണ് പരിഗണിക്കുന്നത്. ഭാവിയിൽ കേരളത്തിന് സ്വന്തമായ ബഞ്ച് ആവശ്യപ്പെടാവുന്നതാണ്. ആകെ 667 കേസുകളാണ് ഇതുവരെ ഹരിത ട്രിബ്യൂണലിന്റെ മുൻപാകെ വന്നിട്ടുള്ളത്. അതിൽ നാല് കേസുകൾ മാത്രമാണ് നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ. പാരിസ്ഥിതിക നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ജനങ്ങൾ ഹരിത ട്രിബ്യൂണലിനെ വേണ്ടത്ര സമീപിച്ചുതുടങ്ങിയിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ഇതുവരെയുള്ള അനുഭവത്തിൽ ഇന്ത്യൻ നിയമചരിത്രത്തിലെ തന്നെ സുപ്രധാന സംഭവമായി മാറിയിരിക്കുകയാണ് ഹരിത ട്രിബ്യൂണൽ. സർക്കാർ ചീഫ് സെക്രട്ടറിമാരെ വരെ കോടതിയിൽ വിളിച്ചുവരുത്തി ട്രിബ്യൂണൽ ശകാരിച്ചിട്ടുണ്ട്. അനധികൃതമായി പാരിസ്ഥിതികാനുമതി നൽകിയ പല ഉദ്യോഗസ്ഥർക്കെതിരെ വാറണ്ട് അയച്ചിട്ടുണ്ട്. ചീഫ് വൈൽഡ് ലൈഫ് വാർഡന്മാരെ ശക്തമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. നീർത്തടത്തിന്റെ നഷ്ടവുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ ഒരു ഉദ്യോഗസ്ഥൻ അവിടെ ദേശാടന പക്ഷികൾ വരാറില്ലെന്നും ഭാവിയിലും വരില്ലെന്നും പറഞ്ഞാണ് നീർത്തടം നികത്തുന്നതിന് അനുമതി കൊടുത്തിരിക്കുന്നത്. ഭാവിയിലും ദേശാടന പക്ഷികൾ വരില്ലെന്ന് പറയുന്ന ഉദ്യോഗസ്ഥൻ ദൈവത്തെപ്പോലെ സ്വയം കരുതുന്നതായി കോടതി വിമർശിച്ചു. അത്തരത്തിലുള്ള തെറ്റായ വിവരം കൊടുത്തതിന് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടിയെടുക്കുന്നതിനും അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും കോടതി ഉത്തരവിട്ടു. ഇത്തരത്തിൽ പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കെതിരെ ശക്തവും കാര്യക്ഷമവുമായ നടപടികളുമായാണ് ഹരിത ട്രിബ്യൂണൽ മുന്നോട്ട് പോകുന്നത്. ■